തിരുത്തുന്നതിനുള്ള നടപടി കൈക്കൊള്ളാൻ സാധിക്കുകയുള്ളു എന്നത് കൊണ്ട് ഇക്കാര്യം പരിഗണിക്കാൻ നിർവ്വാഹമില്ല.

ഗവൺമെന്റ് ഓഫീസുകളുടെ ആവശ്യത്തിനായി വാങ്ങിയ കമ്പ്യൂട്ടറുകൾ

167 (661)ശ്രീ. കെ. അച്യുതൻ :

ശ്രീ. അടൂർ പ്രകാശ് :

ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിവിധ ഗവൺമെന്റ് ഓഫീസുകളുടെ ആവശ്യത്തിനായി ഇതുവരെ എത്ര കമ്പ്യൂട്ടറുകൾ വാങ്ങിയിട്ടുണ്ട്;

(ബി) ഇവ ഏതെല്ലാം വകുപ്പുകളുടെ ആവശ്യത്തിനാണ് വാങ്ങിയത്;

(സി) ഇവയിൽ എത്രയെണ്ണം നിർദ്ദിഷ്ട ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നുണ്ട്;

(ഡി) ഇതുവരെ വിവിധ ഓഫീസുകളിൽ കമ്പ്യൂട്ടറുകൾ സ്ഥാപിക്കുവാൻ എന്തു തുക ചെലവായിട്ടുണ്ട്;

(ഇ) വാങ്ങിയ എത്ര കമ്പ്യൂട്ടറുകൾ ഉപയോഗിക്കാതെ കിടക്കുന്നുണ്ട്?

ഉത്തരം

(എ)&(ബി) ഐ.ടി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള മിഷൻ ഓൺ ഐ.ടി യുടെ ആവശ്യത്തിനായി 11 കമ്പ്യൂട്ടറുകൾ (9 നോഡ്, 1 സെർവർ, 1 തിങ്ക് പാഡ്) വാങ്ങിയിട്ടുണ്ട്. അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടേറിയറ്റിൽ വിവിധ വകുപ്പുകൾക്ക് (ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു)† 44 കമ്പ്യൂട്ടറുകൾ പൊതു ഭരണ (ഹൗസ് കീപ്പിംഗ്) വകുപ്പു വഴി വാങ്ങിയിട്ടുണ്ട്. മറ്റു വകുപ്പുകളെ സംബന്ധിക്കുന്ന വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(സി) മേൽ വിവരിച്ച എല്ലാ കംപ്യൂട്ടറുകളും നിർദ്ദിഷ്ട ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നുണ്ട്.

(ഡി) ഐ.ടി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള മിഷൻ ഓൺ ഐ.ടി യിൽ കമ്പ്യൂട്ടറുകൾ വാങ്ങിച്ച വകയിൽ 11,89,450 രൂപയും, അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടേറിയറ്റിൽ വിവിധ വകുപ്പുകൾക്ക് കമ്പ്യൂട്ടറുകൾ വാങ്ങിയതിന് 53,85,550 രൂപയും ചെലവായി.

(ഇ) 'സി' ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല.

ഉദ്യോഗസ്ഥ സംവരണ കാര്യത്തിൽ ഭരണഘടന ഭേദഗതി ചെയ്യണമെന്ന നിയമസഭാ പ്രമേയത്തിൻ മേൽ സ്വീകരിച്ച നടപടി

168 (667)ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

---

† അനുബന്ധം XIII

LIBRARY ARCHIVES Kerala Legislative Assembly

the Service Book. The applications for corrections of date of birth in Service Book shall be submitted to Government in the Administrative Department concerned thorugh proper channel.

4. The conditions that such applications in the case of those who have attended a school, shall be supported by attested copies of SSLC/SSC Book or extract of school record as corrected and that mere correction of date of birth in this school record does not entitle the employee for consequential correction of date of birth in Service Book will remain unchanged. Each case will be considered by Government on merits and orders passed.

5.Application for condonation of delay and for entertainment of application in relaxation of the condition regarding time limit shall be summarily rejected.

6. Heads of Departments/Offices shall be circulate this order to emloyees.

7. Appointment orders issued in future should also mention the time limit provision as per this order for correction of date of birth so that new entrants to service should not complain later that they were not aware of this provision.

By Order of the Governor

P.Shanmughasundaram
Commissioner and Secretary to Government

അനുബന്ധം XIII

(26.6.2000-ത്തിലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം 167 (661) കാണുക.)

(1) അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ഓഫീസ്
(2) നോർക്കാ വകുപ്പ്
(3) പൊതുഭരണ (കമ്പ്യൂട്ടർ സെൽ) വകുപ്പ്
(4) പൊതുഭരണ (ഹൗസ് കീപ്പിംഗ് സെൽ) വകുപ്പ്
(5) പൊതുഭരണ (അക്കൗണ്ട്സ്) വകുപ്പ്
(6) ആഭ്യന്തരവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഓഫീസ്
(7) നോർക്ക പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഓഫീസ്
(8) പൊതുഭരണ സെക്രട്ടറിയുടെ ഓഫീസ്
(9) ഹെൽത്ത് സെക്രട്ടറിയുടെ ഓഫീസ്
(10) ഉന്നതവിദ്യാഭ്യാസ സെക്രട്ടറിയുടെ ഓഫീസ്
(11) സഹകരണ വകുപ്പു സെക്രട്ടറിയുടെ ഓഫീസ്
(12) മൃഗസംരക്ഷണ വകുപ്പ് സെക്രട്ടറിയുടെ ഓഫീസ്
(13) പവർ വകുപ്പ് സെക്രട്ടറിയുടെ ഓഫീസ്
(14) റവന്യൂവകുപ്പ് സെക്രട്ടറിയുടെ ഓഫീസ്
(15) എസ്.സി./എസ്.ടി.വികസന വകുപ്പു സെക്രട്ടറിയുടെ ഓഫീസ്

LIBRARY ARCHIVES Kerala Legislative Assembly